## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2392 — 11.10.2011 - ൽ മറുപടിക്ക്

**<u>കേൾവി പ്രശ്നമുള്ള കുട്ടികൾക്കുള്ള പാഠപുസ്തകങ്ങൾ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ.ബേബി | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) കേൾവി പ്രശ്നമുള്ള കുട്ടികൾക്കായി (ഹിയറിംഗ് ഇംപയേർഡ്) മാറിയ പുസ്തകങ്ങൾ ഒരു മാസത്തിനകം ശാസ്ത്രീയമായി തയ്യാറാക്കി അഡാപ്റ്റ് ചെയ്ത് ഇറക്കേണ്ടതാണ് എന്നിരിക്കെ ഈ അക്കാദമിക വർഷം പത്താം ക്ലാസിൽ മാറിയ പാഠപുസ്തകങ്ങൾ ഇത്തരത്തിൽ മാറ്റം വരുത്തി നൽകിയിട്ടില്ല എന്ന പരാതി ശരിയാണോ എന്ന് വ്യക്തമാക്കുമോ; | (എ) കേൾവി പ്രശ്നമുള്ള കുട്ടികൾക്കായി (ഹിയറിംഗ് ഇംപയേർഡ്) പത്താം ക്ലാസ്സിന്റെ മാറിയ സിലബസ് അഡാപ്റ്റ് ചെയ്ത് തയ്യാറാക്കിയിട്ടുണ്ട്. സ്പെഷ്യൽ സ്കൂൾ സിലബസ്, ടെക്നിക്കൽ സ്പെഷ്യൽ സ്കൂൾ സിലബസ്, ഇതര വിഷയങ്ങളുടെ ഹാന്റ് ബുക്ക് എന്നിവ ആഗസ്റ്റ് മാസം തന്നെ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) ശരിയാണെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; ഇക്കാര്യം അടിയന്തിരമായി പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) മാറിയ സിലബസിന്റെ അടിസ്ഥാനത്തിൽ പുസ്തകങ്ങൾ സ്കൂളുകളിൽ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ